LIBRARY ARCHIVES Kerala Legislative Assembly

ഉന്നതോദ്യോഗസ്ഥർക്കെതിരെ ഉയർന്ന പരാതികൾ

51 (1915) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ചീഫ് സെക്രട്ടറിയെ തൽസ്ഥാനത്ത് നിന്നും മാറ്റണമെന്ന് ഏതെല്ലാം മന്ത്രിമാർ/എം.എൽ.എ.-മാരാണ് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുള്ളത് ; എന്ത കാരണത്തിലാണിത് എന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന പോലീസ് മേധാവിയുടെ വിദേശയാത്രയുമായി ബന്ധപ്പെട്ട അവധി സംബന്ധിച്ചുള്ള ഫയലിലെ വിവരം ചോർന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി മുഖ്യമന്ത്രിയോട് അടിയന്തര അന്വേഷണം ആവശ്യപ്പെട്ടത് എന്നാണ് ; പ്രസ്തുത വിഷയത്തിൽ എന്ത നടപടി സ്വീകരിച്ചു ; ഇക്കാര്യം സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി പുറത്തിറക്കിയ വാർത്താക്കുറിപ്പ് എന്താണ് എന്നും വ്യക്തമാക്കുമോ ;

(സി) ചീഫ് സെക്രട്ടറി ഏതെല്ലാം സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട് ; ഏതെല്ലാം ഉദ്യോഗസ്ഥർ സമർപ്പിച്ച അവധി ഡയസ്നോൺ ആക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ചീഫ് സെക്രട്ടറിക്കെതിരെ ഡി.ജി.പി. എന്തെല്ലാം പരാതികളും വിമർശനങ്ങളുമാണ് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഇ) ഈ സർക്കാർ വന്നശേഷം നാളിതുവരെ വിദേശ പരിശീലനത്തിനായി പോയ ഐ. എ.എസ്., ഐ.പി. എസ്.ഉദ്യോഗസ്ഥർ ആരെല്ലാം ; നാളിതുവരെ എത്ര തുക ഖജനാവിൽ നിന്നും പ്രസ്തുത യാത്രകൾക്കായി ചെലവഴിച്ചു ; വ്യക്തമാക്കുമോ ;

(എഫ്) പ്ലാനിംഗ് ബോർഡ് അധികൃതരും സബർബൻ അധികൃതരും പങ്കെടുക്കേണ്ട ഏതെല്ലാം യോഗങ്ങളിൽ ചീഫ് സെക്രട്ടറി പങ്കെടുത്തുവെന്നും ഇതിന് സർക്കാർ അനുമതിയുണ്ടായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിൽ ഒരാവശ്യവും മന്ത്രിമാരോ എം.എൽ.എ.-മാരോ ഉന്നയിച്ചിട്ടില്ല.

(ബി) ചീഫ് സെക്രട്ടറി രേഖാമൂലം ഇത്തരമൊരു ആവശ്യം ഉന്നയിച്ചിട്ടില്ല. വാർത്താക്കുറിപ്പ് സംബന്ധിച്ച വിവരം സർക്കാരിൽ ലഭ്യമല്ല.

(സി) അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കേഡർ നിയന്ത്രണാധികാരി ചീഫ് സെക്രട്ടറിയായതിനാൽ ആ നിലയ്ക്ക് അഖിലേന്ത്യാ സർവ്വീസ് ചട്ടങ്ങൾക്കുള്ളിൽ നിന്ന് പ്രവർത്തിക്കാനുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകുക എന്നുള്ളത് ചീഫ് സെക്രട്ടറിയുടെ കർത്തവ്യമാണ്.

(ഡി) ഇത്തരത്തിൽ ഒരു പരാതിയും നൽകിയിട്ടില്ല.

(ഇ) ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വിദേശയാത്ര സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം 23 ഐ.പി.എസ്. ഉദ്യോഗസ്ഥർ ഔദ്യോഗിക വിദേശയാത്രകൾ നടത്തിയിട്ടുള്ളതിൽ ശ്രീ. ജേക്കബ് പുന്നൂസ്, ഐ.പി.എസ്. 1,26,784 രൂപയും ശ്രീ. കെ. എസ്. ബാലസുബ്രഹ്മണ്യൻ ഐ.പി.എസ്. 85,000 രൂപയും ശ്രീ. രാജേഷ് ദിവാൻ ഐ.പി.എസ്. 17,000 രൂപയും സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ വിദേശയാത്രയ്ക്ക് സർക്കാർ ഖജനാവിൽ നിന്നും ഇതുവരെയൊന്നും ചെലവഴിച്ചിട്ടില്ല. (ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.)*

(എഫ്) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ യോഗങ്ങളിലും ചീഫ് സെക്രട്ടറിയോ ചീഫ് സെക്രട്ടറിയുടെ പ്രതിനിധിയായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരോ പങ്കെടുക്കേണ്ടതുണ്ട്.

ഐ.എസ്.ആർ.ഒ. ചാരക്കേസ് അന്വേഷണം

52 (1916) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സാജു പോൾ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എസ്.ആർ.ഒ. ചാരക്കേസ്സിൽ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സി.ബി.ഐ. നിർദ്ദേശിച്ച ശിക്ഷണ നടപടി എടുക്കേണ്ടതില്ലെന്ന് തീരുമാനിക്കാനുള്ള കാരണം എന്തായിരുന്നു ; ഈ നിലപാട് തിരുത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) മുൻ ഡി.ജി.പി. സിബി മാത്യൂസ് ഈ കേസിൽ ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതായി അറിയാമോ; ഇതിനോടുള്ള നിലപാട് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കേസ് പരിഗണിച്ച മജിസ്ട്രേറ്റ് കോടതിയിൽ നിന്നും സുപ്രീംകോടതിയിൽ നിന്നും അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്ന് ഉത്തരവ് ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിലാണ് അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly